©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

**PUBLISHED BY AUTHORITY**

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**

| | | | |
|---|---|---|---|
| **Vol. LIV**<br>വാല്യം 54 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | **3rd February 2009**<br>2009 ഫെബ്രുവരി 3<br>**14th Magha 1930**<br>1930 മാഘം 14 | **No.** നമ്പർ **5** |

# PART III
## Police Department

ലേലപ്പരസ്യം

നമ്പർ ജി5/15631/2004/സി.സി. 2009 ജനുവരി 8.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ളതും തിരുവനന്തപുരം സിറ്റി എ. ആർ. ക്യാമ്പിൽ സ്ഥിതി ചെയ്യുന്നതുമായ പഴയ സ്റ്റോർ കെട്ടിടം ലേലം ചെയ്ത് കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും 3,500 രൂപ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ പേരിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ച് നൽകുന്നതാണ്. ലേലം സ്ഥിരപ്പെട്ടു കിട്ടുന്നയാൾ ലേലത്തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേല സ്ഥലത്തുവച്ച് അടയ്ക്കേണ്ടതും ബാക്കി സംഖ്യ ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടിയാൽ ഉടൻ അടയ്ക്കേണ്ടതും 10 ദിവസത്തിനകം സാധനം ക്യാമ്പിൽ നിന്ന് വസ്തുവകകൾക്ക് യാതൊരു കേടുപാടും വരുത്താതെ പൊളിച്ച് നീക്കം ചെയ്യേണ്ടതുമാണ്. പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലംകൊണ്ടയാൾ നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് മുൻലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതും നഷ്ടസംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും.

നിരതദ്രവ്യം—3,500 രൂപ

ലേല തീയതിയും സമയവും—18-2-2009 രാവിലെ 11 മണി.

ലേലം വിളിക്കുന്ന സ്ഥലം—എ. ആർ. ക്യാമ്പ്, തിരുവനന്തപുരം സിറ്റി.

പോലീസ് കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം സിറ്റി.

(ഒപ്പ്)
ഡെപ്യൂട്ടി പോലീസ് കമ്മീഷണർ.

ലേലപ്പരസ്യം

നമ്പർ എം. 221/2007/വി.എ.സി.ബി./എസ്. സിറ്റി.
2009 ജനുവരി 20.

തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അധീനതയിലുള്ളതും പൂജപ്പുര വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും കാലപ്പഴക്കമുള്ളതും ഉപയോഗശൂന്യമായതുമായ കെ. എൽ. 01/ഡി 4542-ാം നമ്പർ (1993 മോഡൽ) മഹീന്ദ്ര എം. എം. 540 ഡീസൽ ജീപ്പ് 2009 ഫെബ്രുവരി മാസം 11-ാം തീയതി ബുധനാഴ്ച പകൽ 11 മണിക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്, പൂജപ്പുര ഓഫീസിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ലേലത്തിൽ പങ്കെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള 1,000 (ആയിരം) രൂപ നിരതദ്രവ്യം അടച്ച് താൽക്കാലിക രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതുമാണ്.

ടി വാഹനം ലേലം ചെയ്യുന്നതിന് സീൽവച്ച ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ നൽകാൻ ആഗ്രഹിക്കുന്നവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ സെൽ, മുറിഞ്ഞപാലം, തിരുവനന്തപുരം-11 എന്ന വിലാസത്തിൽ മുദ്രണം ചെയ്ത് രജിസ്റ്റേർഡ് തപാലിലോ ഓഫീസിൽ നേരിട്ടോ നൽകേണ്ടതാണ്. നിരതദ്രവ്യം ടി ആഫീസിൽ 1,000 രൂപ അടച്ചതിന്റെ താൽക്കാലിക രസീതും ടെണ്ടറിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ടെണ്ടർ അയയ്ക്കേണ്ട കവറിന് മുകളിലായി "ഉപയോഗമില്ലാത്ത കെ. എൽ. 01 ഡി 4542-ാം നമ്പർ വാഹനം വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതിയിരിക്കണം. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 10-2-2009 പകൽ 4 മണി വരെയായിരിക്കും.

ഇപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരസ്യലേലം കഴിഞ്ഞാലുടൻ തുറക്കുന്നതും ലേലത്തിലോ/ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നവർക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ടിയാൻ നിരതദ്രവ്യം കഴിച്ചുള്ള ടെണ്ടർ/ലേല തുക മുഴുവനും (വിൽപ്പന നികുതി + വാറ്റ്) നിലവിലുള്ള നിരക്കുകൾ ഉൾപ്പെടെ ലേല സമയത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവിന്റെ വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ ലേലം/ടെണ്ടർ കൊണ്ട വാഹനം ടി ഓഫീസിൽ നിന്നും ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തപ്പെട്ടയാൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഏതെങ്കിലും ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അത് മുൻലേലക്കാരനിൽനിന്നും ഈടാക്കുന്നതും എന്നാൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് അവകാശമില്ലാത്തതുമാകുന്നു.

ടി വാഹനം എല്ലാ പ്രവൃത്തി ദിവസങ്ങളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പൂജപ്പുരയിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിന്റെ കോമ്പൗണ്ടിൽ രാവിലെ 11 മണിമുതൽ 4 മണി വരെയുള്ള സമയങ്ങളിൽ പോലീസ് സൂപ്രണ്ടിന്റെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതും വിവരങ്ങൾ ശേഖരിക്കാവുന്നതുമാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പോലീസ് സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതുമാണ്.

പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ, മുറിഞ്ഞപാലം, തിരുവനന്തപുരം.

(ഒപ്പ്)
സീനിയർ സൂപ്രണ്ട്.
(പോലീസ് സൂപ്രണ്ടിനു വേണ്ടി).

## ലേലപ്പരസ്യം

നമ്പർ 1730/2003/കെ.എൽ.എം. 2009 ജനുവരി 3.

കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ (ബിൽഡിംഗ് നമ്പർ 95/47) സൂക്ഷിച്ചിട്ടുള്ള താഴെപറയുന്ന സർക്കാർ വാഹനം 2009 ഫെബ്രുവരി 27-ാം തീയതി പകൽ 11 മണിക്ക് ടി കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

വാഹനത്തിന്റെ വിവരം—കെ. എൽ. 01 എൽ 2184 (ബജാജ് ടെംപോ ട്രാക്സ് 1997) സലൂൺ മോഡൽ.

നിരതദ്രവ്യം—3,000 രൂപ.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് വാഹനത്തിന് മേൽക്കാണിച്ച പ്രകാരം നിരതദ്രവ്യം കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരിൽനിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ 2009 ഫെബ്രുവരി മാസം 27-ാം തീയതി പകൽ 11 മണിക്കകം ടി ആഫീസിൽ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും കൊല്ലം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ പേരിൽ വാങ്ങിയ ഡി. ഡി. അടക്കം ചെയ്യേണ്ടതാണ്. ദർഘാസ് അടക്കം ചെയ്ത കവറിനുമുകളിൽ 'ഡിപ്പാർട്ട്മെന്റ് വാഹനം കെ.എൽ-01 എൽ 2184 ലേലത്തിൽ വാങ്ങാനുള്ള ദർഘാസ്' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ ഏതാണ് കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം ഉറപ്പിക്കപ്പെട്ടയാൾ ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി സംഖ്യ (മുഴുവൻ തുകയ്ക്കുള്ള നികുതി അടക്കം) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ടി വാഹനം നീക്കം ചെയ്യേണ്ടതുമാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ടിയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലംകൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടം വന്ന സംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ടിയാൻ അതിന് അവകാശിയായിരിക്കുന്നതല്ല.

ലേലവസ്തു ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട 5 മണിവരെയുള്ള സമയത്തിനിടയ്ക്ക് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവയ്ക്കാനുള്ള അവകാശം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റ്.

(ഒപ്പ്)
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്.

സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്, പൂജപ്പുര ഓഫീസിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ലേലത്തിൽ പങ്കെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള 1,000 (ആയിരം) രൂപ നിരതദ്രവ്യം അടച്ച് താൽക്കാലിക രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതുമാണ്.

ടി വാഹനം ലേലം ചെയ്യുന്നതിന് സീൽവച്ച ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ നൽകാൻ ആഗ്രഹിക്കുന്നവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ പോലീസ് സൂപ്രണ്ട്, വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ സെൽ, മുറിഞ്ഞപാലം, തിരുവനന്തപുരം–11 എന്ന വിലാസത്തിൽ മുദ്രണം ചെയ്ത് രജിസ്റ്റേർഡ് തപാലിലോ ഓഫീസിൽ നേരിട്ടോ നൽകേണ്ടതാണ്. നിരതദ്രവ്യം ടി ആഫീസിൽ 1,000 രൂപ അടച്ചതിൻെറ താൽക്കാലിക രസീതും ടെണ്ടറിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. ടെണ്ടർ അയയ്ക്കേണ്ട കവറിന് മുകളിലായി "ഉപയോഗമില്ലാത്ത കെ. എൽ. 01 ഡി 4542-ാം നമ്പർ വാഹനം വാങ്ങുന്നതിനുള്ള ടെണ്ടർ" എന്ന് വ്യക്തമായി എഴുതിയിരിക്കണം. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 10-2-2009 പകൽ 4 മണി വരെയായിരിക്കും.

ഇപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരസ്യലേലം കഴിഞ്ഞാലുടൻ തുറക്കുന്നതും ലേലത്തിലോ/ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നവർക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ടിയാൻ നിരതദ്രവ്യം കഴിച്ചുള്ള ടെണ്ടർ/ലേല തുക മുഴുവനും (വിൽപ്പന നികുതി + വാറ്റ്) നിലവിലുള്ള നിരക്കുകൾ ഉൾപ്പെടെ ലേല സമയത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവിൻെറ വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ ലേലം/ടെണ്ടർ കൊണ്ട വാഹനം ടി ഓഫീസിൽ നിന്നും ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തപ്പെട്ടയാൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഏതെങ്കിലും ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അത് മുൻലേലക്കാരനിൽനിന്നും ഈടാക്കുന്നതും എന്നാൽ കൂടുതലായി കിട്ടുന്ന തുകയ്ക്ക് അവകാശമില്ലാത്തതുമാകുന്നു.

ടി വാഹനം എല്ലാ പ്രവൃത്തി ദിവസങ്ങളിലും വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ പൂജപ്പുരയിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൻെറ കോമ്പൗണ്ടിൽ രാവിലെ 11 മണിമുതൽ 4 മണി വരെയുള്ള സമയങ്ങളിൽ പോലീസ് സൂപ്രണ്ടിൻെറ അനുമതിയോടുകൂടി പരിശോധിക്കാവുന്നതും വിവരങ്ങൾ ശേഖരിക്കാവുന്നതുമാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പോലീസ് സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതുമാണ്.

പോലീസ് സൂപ്രണ്ടിൻെറ
കാര്യാലയം, വിജിലൻസ്
ആൻറ് ആൻറി കറപ്ഷൻ
ബ്യൂറോ സ്പെഷ്യൽ സെൽ,
മുറിഞ്ഞപാലം,
തിരുവനന്തപുരം.

(ഒപ്പ്)
സീനിയർ സൂപ്രണ്ട്.
(പോലീസ് സൂപ്രണ്ടിനു
വേണ്ടി).

## ലേലപ്പരസ്യം

നമ്പർ 1730/2003/കെ.എൽ.എം. 2009 ജനുവരി 3.

കൊല്ലം വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ കാര്യാലയത്തിൽ (ബിൽഡിംഗ് നമ്പർ 95/47) സൂക്ഷിച്ചിട്ടുള്ള താഴെപറയുന്ന സർക്കാർ വാഹനം 2009 ഫെബ്രുവരി 27-ാം തീയതി പകൽ 11 മണിക്ക് ടി കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

വാഹനത്തിൻെറ വിവരം—കെ. എൽ. 01 എൽ 2184 (ബജാജ് ടെംപോ ട്രാക്സ് 1997) സലൂൺ മോഡൽ.

നിരതദ്രവ്യം—3,000 രൂപ.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് വാഹനത്തിന് മേൽക്കാണിച്ച പ്രകാരം നിരതദ്രവ്യം കൊല്ലം വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, കൊല്ലം യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ടിൻെറ കാര്യാലയത്തിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരിൽനിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ 2009 ഫെബ്രുവരി മാസം 27-ാം തീയതി പകൽ 11 മണിക്കകം ടി ആഫീസിൽ സ്വീകരിക്കുന്നതാണ്. ദർഘാസിനോടൊപ്പം മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും കൊല്ലം വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ പേരിൽ വാങ്ങിയ ഡി. ഡി. അടക്കം ചെയ്യേണ്ടതാണ്. ദർഘാസ് അടക്കം ചെയ്ത കവറിനുമുകളിൽ 'ഡിപ്പാർട്ട്മെൻറ് വാഹനം കെ.എൽ-01 എൽ 2184 ലേലത്തിൽ വാങ്ങാനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിൻെറയോ ദർഘാസിൻെറയോ ഏതാണ് കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം ഉറപ്പിക്കപ്പെട്ടയാൾ ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി സംഖ്യ (മുഴുവൻ തുകയ്ക്കുള്ള നികുതി അടക്കം) ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ടി വാഹനം നീക്കം ചെയ്യേണ്ടതുമാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ടിയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടം വന്ന സംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ടിയാൻ അതിന് അവകാശിയായിരിക്കുന്നതല്ല.

ലേലവസ്തു ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട 5 മണിവരെയുള്ള സമയത്തിനിടയ്ക്ക് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൻെറ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാററിവയ്ക്കാനുള്ള അവകാശം വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ കൊല്ലം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

വിജിലൻസ് ആൻറ് ആൻറി
കറപ്ഷൻ ബ്യൂറോ,
കൊല്ലം യൂണിറ്റ്.

(ഒപ്പ്)
ഡെപ്യൂട്ടി പോലീസ്
സൂപ്രണ്ട്.